മാർച്ച് 31 – ഏപ്രിൽ 6

## പാഠം - 1

## പ്രാപഞ്ചിക വിവാദം

**ശബ്ബത്ത് സായാഹ്നം** **മാർച്ച് 31**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക: യഹ. 28:1,2, 11–17; ഉല്.3:1–7; വെളി. 12:1–17; റോമ.8:31–39 ; വെളി. 14:12.**

**മനഃപാഠവാക്യം: "മഹാസർപ്പം സ്ത്രീയോട് കോപിച്ചു, ദൈവകൽപന പ്രമാണിക്കുന്നവരും യേശുവിന്റെ സാക്ഷ്യം ഉള്ളവരുമായി അവളുടെ സന്തതിയിൽ ശേഷിപ്പുള്ളവരോടു യുദ്ധം ചെയ്യുവാൻ പുറപ്പെട്ടു." (വെളിപ്പാട് 12:17)**

പ്രാപഞ്ചിക വിവാദം അഥവാ "വൻ വിവാദം", ബൈബിളിന്റെ ലോകവീക്ഷണമാണ്. ലോകത്തിന്റെ, ഈ പ്രപഞ്ചത്തിന്റെ തന്നെ നാടകീയതകൾ വെളിവാകുന്ന പശ്ചാത്തലവുമാണ്. പാപം, യാതന, മരണം, രാഷ്ട്രങ്ങളുടെ ഉയർച്ചതാഴ്ചകൾ, സുവിശേഷവ്യാപനം, അന്ത്യകാല സംഭവങ്ങൾ - ഇവയെല്ലാം പ്രാപഞ്ചികമായ ഈ തർക്ക പശ്ചാത്തലത്തിൽ സംഭവിക്കുന്നു. ഈ വിവാദം നടന്ന ചില നിർണ്ണായക സ്ഥലങ്ങൾ ഏതൊക്കെയെന്ന് ഈയാഴ്ച കാണാം. എന്തുകൊണ്ടോ, നിഗൂഢത നിറഞ്ഞ ആ വിവാദത്തിന്റെ തുടക്കം, സമ്പൂർണ്ണ സൃഷ്ടിയായ ലൂസിഫറിന്റെ ഹൃദയത്തിലായിരുന്നു. തുടർന്ന് മറ്റ് രണ്ട് സമ്പൂർണ്ണ സൃഷ്ടികളായ ആദാമിനെയും ഹവ്വയെയും വീഴ്ത്തിക്കൊണ്ട് അവൻ തന്റെ ലഹള ഭൂമിയിലേക്കും കൊണ്ടുവന്നു. ലൂസിഫറിന്റെ പതനം, പിന്നീട് നമ്മുടെ ആദിമാതാപിതാക്കളുടെ വീഴ്ച, ഈ രണ്ട് "കേന്ദ്രബിന്ദുക്കളിൽ" വൻ വിവാദം വേരൂന്നുന്നു. തുടർന്ന് രൂക്ഷമായ്ക്കൊണ്ടേയിരുന്നു. ഈ പ്രാപഞ്ചിക നാടകത്തിലെ ഭാഗഭാക്കുകളാണ് നമ്മൾ.

ശുഭവാർത്തയെന്തെന്നാൽ ഒരിക്കൽ ഇതവസാനിക്കും, സാത്താനുമേൽ ക്രിസ്തുയേശുവിന്റെ പൂർണ്ണ വിജയത്തോടെ. അതിലും മികച്ചതെന്തെന്നാൽ യേശുവിന്റെ ക്രൂശിലെ പ്രവൃത്തിയുടെ പൂർത്തീകരണം നിമിത്തം നമുക്കോരോരുത്തർക്കും ആ വിജയത്തിൽ പങ്കാളിത്തവും ലഭിക്കും. വീണ്ടും വരുമെന്നുറപ്പുള്ള ക്രിസ്തുയേശുവിൽ നമ്മുടെ വാഗ്ദത്തങ്ങൾക്കായി കാത്തിരിക്കുമ്പോൾ, ക്രൂശിലെ വിജയത്തിന്റെ ഭാഗമായി ദൈവം ഓരോരുത്തരെയും വിശ്വാസത്തിലേക്കും അനുസരണത്തിലേക്കും വിളിക്കുകയാണ്.

**ഞായർ** **ഏപ്രിൽ 1**

## ഒരു സമ്പൂർണ്ണ സൃഷ്ടിയുടെ പതനം

പ്രാപഞ്ചിക വിവാദം ബൈബിളിന്റെ ലോകദർശനത്തിന് പശ്ചാത്തമൊരുക്കുന്നുവെങ്കിൽ അത് അനേകം ചോദ്യങ്ങളിലേക്കും നയിക്കുന്നു. പ്രധാനപ്പെട്ട ഒന്ന്, എങ്ങനെ ഇതെല്ലാം തുടങ്ങി എന്നുള്ളതാണ്? കാരണം, സ്നേഹമയനായ ഒരു ദൈവമാണ് ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചത്. തിന്മ, അക്രമം, യുദ്ധം തുടങ്ങിയവയൊന്നും തുടക്കം മുതലേ അതിൽ ഉണ്ടായിരുന്നില്ലെന്നു കരുതുകയാവും യുക്തി. ഈ വിവാദം ജനിച്ചത് ആദ്യ സൃഷ്ടിയിൽ നിന്ന് വിഭിന്നമായിട്ടാവണം. തീർച്ചയായും അത് സൃഷ്ടിയുടെ ഫലമായി ഉണ്ടായതല്ല. എന്തു തന്നെ ആയാലും വിവാദം ഉണ്ട്. അത് വാസ്തവമാണ്. അതിൽ ഏവരും ഉൾപ്പെട്ടിട്ടുമുണ്ട്.

**യെഹെസ്ക്കേൽ 28:1,2, 11–17; യെശ. 14:12–14 വായിക്കുക. ഈ വാകൃങ്ങൾ തിന്മയുടെ ഉദയത്തെക്കുറിച്ചും ലൂസിഫറിന്റെ പതനത്തെക്കുറിച്ചും എന്തു പഠിപ്പിക്കുന്നു?**

സ്വർഗ്ഗത്തിൽ ജീവിച്ചിരുന്ന ഒരു സമ്പൂർണ്ണ സൃഷ്ടിയായിരുന്നു ലൂസിഫർ. അത്തരമൊരു അന്തരീക്ഷത്തിൽ അവനിൽ അധർമ്മം എങ്ങനെ ഉണ്ടായി? നമുക്കറിയില്ല. ഒരുപക്ഷേ അതുകൊണ്ടായിരിക്കാം ബൈബിൾ "അധർമ്മത്തിന്റെ നിഗൂഢതയെ" കുറിച്ച് പറയുന്നത് (2തെസ. 2:7).

ബുദ്ധിയുള്ള സൃഷ്ടികൾക്കെല്ലാം ദൈവം തിരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യം നൽകി. ഇതിനപ്പുറം ലൂസിഫറിന്റെ പതനത്തിന് ഒരു കാരണവും കണ്ടെത്താനാവില്ല. എലൻ ജി വൈറ്റ് വളരെ വ്യക്തമായി പറഞ്ഞതു പോലെ: "പാപത്തിന്റെ ഉത്ഭവം വിവരിക്കുന്നതോ അതിന്റെ നിലനിൽപിന് ഒരു കാരണം കണ്ടെത്തുന്നതോ അസാദ്ധ്യം....... പാപം ഒരു നുഴഞ്ഞുകയറ്റക്കാരനാണ്. അവന്റെ സാന്നിദ്ധ്യത്തിന് യാതൊരു കാരണവും നൽകാനാവില്ല. അത് നിഗൂഢമാണ്, വിശദീകരിക്കാനാവാത്തതുമാണ്. അതിനു മാപ്പു കൊടുക്കുന്നത് അതിനെ പ്രതിരോധിക്കലാണ്. അതിനൊരു ക്ഷമ കണ്ടെത്താനാവുമോ, അതിന്റെ നിലനിൽപിന് കാരണം കണ്ടെത്താനാവുമോ. എങ്കിൽ പാപം പാപമല്ലാതാവും." – *"ദി ഗ്രേറ്റ് കോൺട്രോവേഴ്സി" പേജ് 492, 493.*

പാപം എന്ന വാക്കിനു പകരമായി തിന്മ ഉപയോഗിച്ചാലും മേൽപ്പറഞ്ഞ പ്രസ്താവന ശരിയാകും. തിന്മയുടെ ഉത്ഭവം വിവരിക്കുന്നതോ അതിന്റെ നിലനിൽപിന് ഒരു കാരണം കണ്ടെത്തുന്നതോ അസാദ്ധ്യം....... തിന്മ ഒരു നുഴഞ്ഞുകയറ്റക്കാരനാണ്. അവന്റെ സാന്നിദ്ധ്യത്തിന് യാതൊരു കാരണവും നൽകാനാവില്ല. അത് നിഗൂഢമാണ്, വിശദീകരിക്കാൻ

ആവാത്തതുമാണ്. അതിനു മാപ്പു കൊടുക്കുന്നത് അതിനെ പ്രതിരോധി ക്കലാണ്. അതിനൊരു ക്ഷമ കണ്ടെത്താനാവുമോ, അതിന്റെ നിലനിൽപിന് കാരണം കണ്ടെത്താനാവുമോ. എങ്കിൽ തിന്മ തിന്മയല്ലാതാവും.

**തിരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യത്തെക്കുറിച്ച് അനുഭവങ്ങൾ ചിന്തി ക്കുക. അങ്ങനെയെങ്കിൽ ആ സ്വാതന്ത്ര്യം ഉപയോഗിച്ച് നടത്തുന്ന തിരഞ്ഞെടുപ്പുകളെക്കുറിച്ച് ശ്രദ്ധയോടെയും പ്രാർത്ഥനയോടെയും ചിന്തി ക്കേണ്ടതുണ്ടോ?**

**തിങ്കൾ** **ഏപ്രിൽ 2**

**ബുദ്ധിക്കതീതം**

തിന്മ ഉണ്ടായത് എങ്ങനെ എന്ന് വിശദീകരിക്കുവാൻ സാധിക്കില്ല എങ്കിലും (കാരണം അത് നിലനിൽക്കുന്നുവെന്നതിന് യാതൊരു തെളിവും ഇല്ല) അത് ആരംഭിച്ചത് സ്വർഗ്ഗത്തിൽ ലൂസിഫറിന്റെ ഹൃദയത്തിലാണെന്ന് വേദപുസ്തകം വെളിപ്പെടുത്തുന്നു. എലൻ ജി വൈറ്റിന്റെ എഴുത്തുക ളിൽ നിന്ന് ലഭിക്കുന്ന ആകർഷകമായ ഉൾക്കാഴ്ചയല്ലാതെ (ഉദാഹരണ ത്തിന് “വൻ വിവാദം” എന്ന പുസ്തകത്തിലെ “തിന്മയുടെ തുടക്കം” എന്ന അദ്ധ്യായം കാണുക) സ്വർഗ്ഗത്തിൽ അത് എങ്ങനെ ആരംഭിച്ചുവെന്ന് വേദപുസ്തകം കൂടുതലൊന്നും പറയുന്നില്ല. എന്നാൽ ഭൂമിയിൽ അത് എപ്രകാരം ഉടലെടുത്തുവെന്ന കാര്യത്തിൽ ദൈവവചനം കൂടുതൽ സ്പഷ്ടമാണ്.

**ഉല്. 3:1–7 വായിക്കുക. ആദാമിന്റെയും ഹവ്വയുടെയും ശിക്ഷാർഹത പിന്നീട് പരസ്യമാക്കപ്പെട്ടുവെന്നു കാണിക്കുന്ന എന്താണ് ഇവിടെ സംഭ വിച്ചത്?**

ദൈവത്തിന്റെ വാക്കുകൾ എന്തായിരുന്നുവെന്ന് ഹവ്വയ്ക്ക് അറിയാമാ യിരുന്നു. അതാണ് ഏറ്റവും സങ്കടകരം. അവൾ അതാവർത്തിച്ചു: “ദൈവം പറഞ്ഞിട്ടുണ്ട്, “നിങ്ങളത് തിന്നരുത്, തൊടുകയുമരുത്, എങ്കിൽ നിങ്ങൾ മരിക്കും” (ഉല്. 3:3). ആ മരത്തിൽ തൊടരുതെന്ന് ദൈവം പറഞ്ഞിരുന്നി ല്ലെങ്കിലും അതിന്റെ ഫലം തിന്നുന്ന നാളിൽ മരിക്കുമെന്ന കാര്യം അവൾക്കറിയാമായിരുന്നു.

സാത്താൻ, ഉടൻ തന്നെ പരസ്യമായി നിശിതമായി അതിനെ എതിർത്തു. “പാമ്പ് സ്ത്രീയോട് പറഞ്ഞു, “നിങ്ങൾ മരിക്കയില്ല നിശ്ചയം” (ഉല്. 3: 4).

എന്ത് വൈരുദ്ധ്യമാണിവിടെ? തുടക്കത്തിൽ സാത്താൻ അവളെ മൃദു വായി സമീപിക്കുന്നു. പിന്നീട് അവളുടെ ശ്രദ്ധ പിടിച്ചു പറ്റി. എതിർക്കു ന്നില്ലെന്ന് ഉറപ്പായപ്പോൾ ദൈവകൽപനയെ പരസ്യമായി വെല്ലുവിളിച്ചു.

അതിലും ദാരുണം എന്തെന്നാൽ ഹവ്വ ഇക്കാര്യങ്ങളൊന്നും അറിയാതെയല്ല പ്രവർത്തിച്ചത്. അവൾക്കൊരിക്കലും, "എനിക്കറിവില്ലായിരുന്നു, എനിക്കറിവില്ലായിരുന്നു" എന്ന് വാദിക്കാൻ വകുപ്പില്ലായിരുന്നു. അവൾക്കറിയാമായിരുന്നു.

എന്നിട്ടും, ഒക്കെ അറിയാമായിരുന്നിട്ടും അവൾ തെറ്റ് ചെയ്തു. ഏദനിലെ എല്ലാം തികഞ്ഞ അവസ്ഥയിൽ കല്പനയെ കുറിച്ച് അറിവുണ്ടായിരുന്നു എന്നതുകൊണ്ടു മാത്രം ഹവ്വയെ (പിന്നീട് ആദാമും, കാരണം അവനും അറിവുണ്ടായിരുന്നു) പാപത്തിൽ നിന്നു പിന്തിരിപ്പിക്കുവാൻ കഴിഞ്ഞില്ല. എങ്കിൽ, അറിവ് മാത്രം മതി നമ്മളെ രക്ഷിക്കാൻ എന്ന് ചിന്തിച്ച് സ്വയം കബളിപ്പിക്കരുത്. ദൈവവചനം എന്തു പറയുന്നുവെന്ന് നമ്മൾ അറിയണം. അറിവിനൊപ്പം തന്നെ അതനുസരിക്കുവാൻ സമ്പൂർണ്ണ കീഴടങ്ങലും ഉണ്ടായേ പറ്റൂ.

**ദൈവം ഒന്നു പറഞ്ഞു, സാത്താൻ മറ്റൊന്നും. ഇത് അറിയാമായിരുന്നിട്ടും ആദാമും ഹവ്വയും സാത്താന് ചെവി കൊടുത്തു. സഹസ്രാബ്ദങ്ങൾക്കിപ്പുറവും അതിൽ എന്തെങ്കിലും മാറ്റമുണ്ടോ? അതേ തെറ്റ് എങ്ങനെ ആവർത്തിക്കാതിരിക്കാം?**

**ചൊവ്വ** **ഏപ്രൽ 3**

## സ്വർഗ്ഗത്തിലെയും ഭൂമിയിലെയും യുദ്ധം

ആദിമാതാപിതാക്കളുടെ വീഴ്ച ലോകത്തെ പാപത്തിലേക്കും തിന്മയിലേക്കും മരണത്തിലേക്കും വീഴ്ത്തി. കാരണമെന്ത്, അല്ലെങ്കിൽ ആരാണുത്തരവാദി എന്നതിൽ ഭിന്നതകളുണ്ടായേക്കാം. പക്ഷെ അതുമൂലം ഇന്ന് നാമോരോരുത്തരും അനുഭവിക്കുന്ന പോരാട്ടം, കുഴപ്പങ്ങൾ, അക്രമം, വിപ്ലവം എന്നിവ നിഷേധിക്കാനാകുമോ?

നമ്മൾ സംസാരിക്കുന്നത് ഒരു പ്രാപഞ്ചിക വിവാദം അല്ലെങ്കിൽ പ്രാപഞ്ചിക പോരാട്ടത്തെ കുറിച്ചാണ്. അത് ശരിയാണ് സത്യവുമാണ്. പ്രപഞ്ചത്തിൽ എങ്ങനെയാണ് അത് തുടങ്ങിയതെങ്കിലും ഭൂമിയിലും നടമാടുകയാണ്. സത്യത്തിൽ, ഏദനിലെ വീഴ്ചയിൽ തുടങ്ങി, അന്ത്യകാല സംഭവങ്ങളിലൂടെ, യേശുവിന്റെ രണ്ടാം വരവിലെത്തുന്ന ദൈവവചന ചരിത്രം, ഈ വൻ വിവാദത്തിന്റെ വചനത്തിലൂടെയുള്ള വെളിപ്പെടുത്തലാണ്. ഈ വിവാദമദ്ധ്യേ ആണ് നമ്മൾ ജീവിക്കുന്നത്. എന്താണ് സംഭവിക്കുന്നത്? എന്താണ് ഇതിനു പിന്നിൽ? അതിലുപരി, ഇതെങ്ങനെ അവസാനിക്കുമെന്നും ദൈവവചനം വിവരിച്ചു തരുന്നു.

**വെളി. 12: 1-17 വായിക്കുക. സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള എന്ത് യുദ്ധങ്ങളെക്കുറിച്ചാണ് വിവരിക്കുന്നത്?**

സ്വർഗ്ഗത്തിൽ ഒരു യുദ്ധം കാണുന്നു. ഭൂമിയിലും യുദ്ധങ്ങൾ കാണാറുണ്ട്. ആദ്യ യുദ്ധം മഹാസർപ്പവും (സാത്താൻ, വെളി. 12: 7-9) മീഖായേലും (എബ്രായ അർത്ഥം: "ദൈവത്തെ പോലെയുള്ളവൻ") തമ്മിലാണ്. വെറും ഒരു സൃഷ്ടി മാത്രമായ, നിഷേധിയായ ലൂസിഫർ സകലത്തിന്റേയും സൃഷ്ടാവായ യേശുവിനോട് യുദ്ധം ചെയ്തു സാത്താൻ (പ്രതിയോഗി) എന്നറിയപ്പെട്ടു. (എബ്രാ. 1:1, 2; യോഹ. 1: 1-4).

ലൂസിഫർ സൃഷ്ടാവിനോട് ലഹളയുണ്ടാക്കി. വൻ വിവാദം ദൈവങ്ങൾ തമ്മിലുള്ള മല്ലയുദ്ധമല്ല, മറിച്ച് ഒരു സൃഷ്ടി സൃഷ്ടാവിനോട് ഏറ്റുമുട്ടുന്നതാണ്. ഒപ്പം, മറ്റ് സൃഷ്ടികളെക്കൂടി ആക്രമിച്ചുകൊണ്ട് അത് വ്യക്തമാക്കുന്നു.

സ്വർഗ്ഗത്തിലെ യുദ്ധത്തിൽ സാത്താൻ തോറ്റു. യേശു മനുഷ്യപുത്രനായി ഭൂമിയിൽ വന്ന ശേഷവും അവൻ യുദ്ധം തുടർന്നു (വെളി. 12: 4). യേശുക്രിസ്തുവിനോടുള്ള യുദ്ധത്തിൽ ഇവിടെയും തോറ്റു. മരുഭൂമിയിലും കുരിശിലും തോറ്റു. കാൽവരിയിലെ അനിവാര്യമായ തോൽവിക്കുശേഷം സാത്താൻ യേശുവിന്റെ ജനത്തിനു നേരേ തിരിഞ്ഞു. ക്രിസ്തീയ ചരിത്രത്തിലുടനീളം ഈ യുദ്ധം കാണാനാവും (വെളി. 12:6, 14-16). അവസാനം വരെ തുടരുകയും ചെയ്യും (വെളി. 12:17). സാത്താൻ മറ്റൊരു പരാജയം കൂടി ഏറ്റുവാങ്ങണം. ഇത്തവണ അത് യേശുക്രിസ്തുവിന്റെ രണ്ടാം വരവിങ്കലായിരിക്കും.

**വായിക്കുക: വെളിപ്പാട് 12: 10-12. മറ്റ് വാകൃങ്ങളിലെ വിവാദങ്ങൾക്കും പോരാട്ടങ്ങൾക്കുമിടയിൽ എന്ത് പ്രത്യാശയാണ് ഈ വാകൃങ്ങളിൽ കാണുന്നത്?**

**ബുധൻ** **ഏപ്രിൽ 4**

**നിങ്ങളോടൊപ്പം, അവസാനത്തോളവും**

സഭാചരിത്രത്തിലാകെ ദൈവജനം നേരിടാനുള്ള പീഡനത്തെക്കുറിച്ച് വെളിപ്പാട് പുസ്തകം പ്രവചിച്ചിട്ടുണ്ട്. വെളിപ്പാട് 12:6-ലെ പ്രവചനത്തിൽ പറയുന്ന 1260 ദിവസം, (വെളി.12:14-കാണുക) സഭയ്ക്കെതിരെ 1260 ആണ്ട് പീഡനത്തെ സൂചിപ്പിക്കുന്നു.

"പൗലോസിന്റെ രക്തസാക്ഷിത്വത്തോടെ നീറോ ചക്രവർത്തിയുടെ കാലത്ത് തുടങ്ങിയ പീഡനങ്ങൾ, ഏറിയും കുറഞ്ഞും നൂറ്റാണ്ടുകൾ തുടർന്നു. ക്രിസ്ത്യാനികളുടെമേൽ ഭീകര കുറ്റങ്ങൾ വൃഥാ ആരോപിക്കപ്പെട്ടു. വൻ ദുരന്തങ്ങൾ, ക്ഷാമങ്ങൾ, സാംക്രമിക രോഗങ്ങൾ, ഭൂകമ്പങ്ങൾ തുടങ്ങിയവയുടെ കാരണവും അവർക്കുമേൽ അടിച്ചേൽപ്പിച്ചു. പൊതുജനസമക്ഷം സംശയത്തിന്റെയും വെറുപ്പിന്റെയും നിഴലിൽ

ആയിപ്പോയ അവരെ ഒറ്റു കൊടുത്ത് ലാഭമുണ്ടാക്കാൻ ചാരന്മാർ ഒരുങ്ങി നിന്നു. അവർ രാജ്യദ്രോഹികളായും മതവിരോധികളായും സമൂഹത്തിലെ പുഴുക്കുത്തുകളായും വിധിക്കപ്പെട്ടു. പൊതുസ്ഥലങ്ങളിൽ (ആംഫിതിയ റ്ററുകൾ – ഗ്രീക്ക്, റോമ സാമ്രാജ്യങ്ങളിൽ പൊതുപരിപാടികൾക്കുവേണ്ടി ഒരുക്കിയിരുന്ന സ്റ്റേഡിയം പോലുള്ള സ്ഥലം. ഉദാ. റോമിലെ കൊളീ സിയം) അനേകരെ ജീവനോടെ കത്തിച്ചു, ക്രൂരമൃഗങ്ങൾക്കിട്ടു കൊടുത്തു."– *"ദി ഗ്രേറ്റ് കോൺട്രോവേഴ്സി",* പേജ് 40.

അതേസമയം സ്ത്രീ (സഭ) മരുഭൂമിയിലേക്ക് ഓടിപ്പോയി (വെളി. 12:6). അവളെ കുറിച്ച് വിവരിക്കുന്നത് കഴുകനെപ്പോലെ രണ്ട് ചിറകുകളുള്ളവൾ എന്നാണ്. സഹായം ലഭിക്കുന്നിടത്തേക്ക് പറന്നു പോകുന്ന ഒരു ചിത്ര മാണിവിടെ. അവളെ മരുഭൂമിയിൽ കാത്തു, മഹാസർപ്പത്തിന് അഥവാ സാത്താന് അവൾക്കടുത്തേക്ക് എത്താനായില്ല (വെളി. 12:14). എത്ര വലിയ പീഡനകാലത്തും ദൈവം ഒരു ശേഷിപ്പിനെ സംരക്ഷിച്ചു. അന്ത്യകാലത്തും ദൈവം അങ്ങനെ ചെയ്യും.

**അന്ത്യകാല കഷ്ടങ്ങളെ മുൻനിർത്തി ദൈവം തന്റെ ജനത്തോടു പറഞ്ഞു: "ഞാനോ ലോകാവസാനത്തോളവും എല്ലാ നാളും നിങ്ങളോടു കൂടെയുണ്ട്" (മത്തായി 28:20). യേശുവിന്റെ അനേകം പിൻഗാമികളുടെ രക്തസാക്ഷിത്വത്തെ സാക്ഷിയാക്കി ഈ വാഗ്ദത്തത്തെ എങ്ങനെ മന സിലാക്കാം? (കാണുക റോമർ 8: 31–39, മത്തായി 10:28)**

പീഡനം, ക്ഷാമം, മരണം – ഒന്നിനും നമ്മെ ദൈവത്തിന്റെ സ്നേഹ ത്തിൽ നിന്ന് അടർത്താനാവില്ല. ഇന്നോ അന്ത്യകാലത്തോ ആകട്ടെ ക്രിസ്തു വിന്റെ സാന്നിദ്ധ്യം ഉണ്ടെങ്കിലും വേദന, കഷ്ടത, പരീക്ഷകൾ, മരണം എന്നിവയിൽ നിന്നൊഴിവാകുന്നില്ല. അത്തരം ഇളവുകൾ ലഭിക്കുമെന്ന ഒരു റപ്പും ഈ ജീവിതത്തിൽ കിട്ടിയിട്ടുമില്ല. അതായത്, യേശു ചെയ്തതിനാൽ, കഷ്ടങ്ങളുടെ നടുവിലും ദൈവം ഒപ്പമുണ്ടാകുമെന്ന പ്രത്യാശയിൽ ജീവി ക്കാം. കൂടാതെ വരുവാനിരിക്കുന്ന പുതിയ ആകാശത്തിലും ഭൂമിയിലും നിത്യജീവൻ എന്ന വാഗ്ദത്തവുമുണ്ട്. ഇവിടെ അനുഭവിക്കുന്നതെന്തുമാ കട്ടെ, പ്രത്യാശയോടെ ജീവിക്കാൻ പൗലോസിനെപ്പോലെ ഉറപ്പോടെയി രിക്കാം. "ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നൽകും; എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയം വച്ച ഏവർക്കും കൂടെ" (2 തിമൊ. 4:8). "അവന്റെ പ്രത്യക്ഷതയിൽ പ്രിയം വച്ച" നമുക്കും ഇതേ പ്രത്യാശയും വാഗ്ദത്തവും അവകാശപ്പെടാം.

**വ്യാഴം** **ഏപ്രിൽ 5**

## ദൈകൽപനയും സുവിശേഷവും

സെവൻത് ഡേ അഡ്വന്റിസ്റ്റുകാർ എന്ന നിലയിൽ എന്തിനു വേണ്ടി നിലകൊള്ളുന്നു എന്നത് പേരിൽ തന്നെയുണ്ട്. “സെവൻത് ഡേ” ഏഴാം ദിന ശബ്ബത്തിനെ പ്രതിനിധാനം ചെയ്യുന്നു. ഒരു കൽപനയിൽ മാത്രമല്ല, പത്തു കൽപനകളിലും ഉള്ള വിശ്വാസത്തെ സൂചിപ്പിക്കുന്നു. “അഡ്വന്റിസ്റ്റ്” യേശുവിന്റെ രണ്ടാം വരവിനെ കാണിക്കുന്നു. ക്രിസ്തുവിന്റെ ഒന്നാം വരവിൽ ചെയ്ത പാപപരിഹാര ബലിയിലൂടെ മാത്രം നിലനിൽക്കുന്ന ഒരു സത്യം. ആയതിനാൽ സെവൻത് ഡേ അഡ്വന്റിസ്റ്റുകാർ എന്ന നാമധേയം വർത്തമാനകാല സത്യത്തിന്റെ അവിഭാജ്യവും നിർണ്ണായകവുമായ രണ്ട് ഘടകങ്ങളെ മുന്നോട്ടു വയ്ക്കുന്നു: ദൈവകൽപനയും സുവിശേഷവും.

**ദൈവകൽപനയും സുവിശേഷവും തമ്മിൽ എത്ര അഭേദ്യമായ ബന്ധമാണുള്ളതെന്ന് ഈ വാക്യങ്ങളിലൂടെ എങ്ങനെ മനസ്സിലാക്കാം? യിര. 44:23; റോമ. 3:20–26; 7:7.**

സുവിശേഷം സുവാർത്തയാണ്. നമ്മൾ പാപം ചെയ്തു. ദൈവകൽപന ലംഘിച്ചു. എങ്കിലും ക്രൂശിൽ ക്രിസ്തു ചെയ്തത് വിശ്വസിക്കുന്നതിലൂടെ, നമ്മുടെ പാപങ്ങളും ദൈവകൽപനാ ലംഘനങ്ങളും ക്ഷമിക്കപ്പെടും എന്ന സുവാർത്തയാണ് സുവിശേഷം. കൂടാതെ കൽപന സമ്പൂർണ്ണമായും അനുസരിക്കുവാനുള്ള അധികാരവും നൽകുന്നു. എങ്കിൽ, അന്ത്യകാലത്ത് വൻ വിവാദം അതി തീവ്രമാകുമ്പോൾ ദൈവജനത്തെ ഒരു പ്രത്യേക രീതിയിൽ ചിത്രീകരിക്കുന്നുവെന്നതിൽ അത്ഭുതപ്പെടേണ്ടതില്ല.

**വെളിപ്പാട് 14:12 വായിക്കുക. ദൈവകൽപനയും സുവിശേഷവും തമ്മിലുള്ള ബന്ധം ഈ വാക്യം എങ്ങനെ വെളിവാക്കുന്നു?**

**കൽപന അനുസരിക്കുകയെന്നത് നിയമസിദ്ധാന്തമല്ല, മറിച്ച് ദൈവ സ്നേഹത്തിന്റെയും രക്ഷിക്കപ്പെടലിന്റെയും സ്വാഭാവിക ബഹിർസ്ഫുരണം മാത്രം. ദൈവകൽപന അനുസരിക്കണമെന്ന് വിശ്വസിക്കുന്ന സെവൻത് ഡേ അഡ്വന്റിസ്റ്റുകാരെന്ന നിലയിൽ ഇത് എങ്ങനെ മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കാനാകും? ദിനവൃത്താന്തം 11:1; 1 യോഹന്നാൻ 5:3 എന്നീ വാക്യങ്ങൾ ഈ ആശയത്തെ എങ്ങനെ സഹായിക്കുന്നു?**

**വെള്ളി** **ഏപ്രിൽ 6**

**കൂടുതൽ പഠനം:** വെളിപ്പാട് 12: 9–12 കൂടാതെ *“പാട്രിയാർക്സ് ആൻഡ് പ്രോഫറ്റ്സ്*” (എലൻ ജി വൈറ്റ്) പുസ്തകത്തിന്റെ പേജ് 33–43 വരെയുള്ള “എന്തുകൊണ്ട് പാപം അനുവദിക്കപ്പെട്ടു?” എന്ന ഭാഗവും വായിക്കുക.

"ജീവജാലങ്ങളെല്ലാം സ്നേഹത്തോടു കൂറ് കാണിച്ചപ്പോൾ ദൈവത്തിന്റെ പ്രപഞ്ചത്തിൽ പൂർണ്ണമായ ഐക്യം ഉണ്ടായി. സൃഷ്ടാവിന്റെ ഉദ്ദേശം നിവർത്തിക്കുക എന്നത് സ്വർഗ്ഗത്തിലുള്ളവരുടെ സന്തോഷമായിരുന്നു. ദൈവമഹത്വം വെളിപ്പെടുത്തുന്നതും സ്തുതി അർപ്പിക്കുന്നതും അവർ ആഘോഷിച്ചു. ദൈവത്തോടുള്ള സ്നേഹം പരമപ്രധാനമായിരുന്നു. ഒപ്പം തന്നെ ഓരോരുത്തരും തമ്മിലുള്ള സ്നേഹവും വിശ്വാസ്യവും നിസ്വാർത്ഥവുമായിരുന്നു. സ്വർഗ്ഗീയ ഐക്യം തകർക്കാൻ യാതൊരു വിധഭിന്നിപ്പുമില്ലായിരുന്നു. എന്നാൽ ഈ സന്തോഷാവസ്ഥയ്ക്ക് മാറ്റം വന്നു. ദൈവം തന്റെ സൃഷ്ടികൾക്ക് നൽകിയ സ്വാതന്ത്ര്യത്തെ കീഴ്മേൽ മറിച്ച ഒരുവനുണ്ടായിരുന്നു. പാപം അവനിൽ തുടങ്ങി. ദൈവത്തിന്റെ ശ്രേഷ്ഠപദവിയിൽ ക്രിസ്തുവിനു തൊട്ടു താഴെ മാത്രം ആയിരുന്നവൻ." – എലൻ ജി വൈറ്റ്, *"പാട്രിയാർക്സ് ആൻഡ് പ്രോഫറ്റ്സ്"* പേജ് 35.

എലൻ ജി വൈറ്റിന്റെ "സ്നേഹത്തോടുള്ള കൂറ്" എന്ന പ്രയോഗം ശ്രദ്ധിക്കുക. അർത്ഥസമ്പൂർണ്ണവും ശക്തവുമായ ഈ ശൈലി, സ്നേഹം ദൈവഭക്തിയിലേക്കും വിശ്വസ്തതയിലേക്കും നയിക്കുമെന്ന് സൂചിപ്പിക്കുന്നു. സ്വർഗ്ഗീയ ജീവികളിൽ അത് അങ്ങനെയായിരുന്നു. ഇന്ന് ദൈവത്തോടുള്ള ബന്ധത്തിൽ നമുക്കും അങ്ങനെ തന്നെ ആയേ തീരൂ.

**ചർച്ച:**

1. **യഥാർത്ഥത്തിൽ, സാത്താനെ കുറിച്ചും വൻ വിവാദത്തിലെ പങ്കിനെക്കുറിച്ചും വിരൽ ചൂണ്ടുന്ന എന്ത് തെളിവുകളാണ് സുവിശേഷത്തിൽ ഉള്ളത്? സാത്താനെന്നത് മനുഷ്യ മനസ്സിലെ തിന്മയുടെ അടയാളം മാത്രമല്ല, മറിച്ച് ഒരു വ്യക്തിയാണെന്നുള്ള സത്യം മനസ്സിലാക്കാൻ ജനങ്ങളെ എങ്ങനെ സഹായിക്കാം?**
2. **സെവൻത് ഡേ അഡ്വന്റിസ്റ്റുകാരെന്ന നിലയിൽ സുവിശേഷ സത്യങ്ങളേക്കുറിച്ചുള്ള അറിവിന്റെ കാര്യത്തിൽ അവിശ്വസനീയമാം വിധം അനുഗ്രഹീതരാണ് നമ്മൾ. അത് എത്ര തന്നെ വിസ്മയിപ്പിക്കുന്നു എങ്കിലും, ഈ അറിവിനു എന്തുകൊണ്ട് നമ്മെ രക്ഷിക്കാനാകുന്നില്ല? പാണ്ഡിത്യത്തിനുമപ്പുറം എന്താണു വേണ്ടത്?**
3. **എങ്ങനെയൊക്കെയാണ് ജീവിതത്തിൽ യേശുവിന്റെ സാന്നിദ്ധ്യം അനുഭവിച്ചറിഞ്ഞുകൊണ്ടിരിക്കുന്നത്? പ്രതികൂലങ്ങൾ എന്തുവന്നാലും നേരിടുവാൻ ഈ അനുഭവങ്ങൾ എങ്ങനെ സഹായിക്കും?**

4. "സ്നേഹത്തോടുള്ള കൂറ്" എന്ന പ്രയോഗത്തെ കുറിച്ച് ക്ലാസിൽ കൂടുതൽ സംസാരിക്കുക. ന്യായപ്രമാണവും കൃപയും അതു പോലെ വിശ്വാസവും അനുസരണവും ഇവ തമ്മിലുള്ള ബന്ധത്തെക്കുറിച്ചു കൂടുതൽ മനസ്സിലാക്കുവാൻ ഈ ആശയം എങ്ങനെ സഹായിക്കും? സ്നേഹം എന്ന ആശയത്തിൽ അന്തർലീനമായിരിക്കുന്ന സ്വാതന്ത്ര്യത്തെക്കുറിച്ച് എന്ത് പഠിപ്പിക്കുന്നു? ഇന്നും ഏതെല്ലാം മാർഗ്ഗങ്ങളിലൂടെ ''സ്നേഹത്തോടുള്ള കൂറ്'' വെളിവാക്കാം?

****